72152/2017/DCKNR 12/6/17

കണ്ണൂർ ജില്ലയിലെ തലശ്ശേരി വളവുപാറ റോഡ് വികസനത്തിനു വേണ്ടിയുള്ള സ്ഥലമെടുപ്പിനെ സംബന്ധിച്ചുള്ള സാമൂഹ്യാഘാത റിപ്പോർട്ടിൻ മേലുള്ള വിദഗ്ധ സമിതിയുടെ ശുപാർശ കുറിപ്പ്

കണ്ണൂർ ജില്ലയിൽ പ്പെടുന്നതും കെ.എസ്.ടി.പി ഏറ്റെടുത്ത് നടത്തുന്നതുമായ തലശ്ശേരി- വളവുപാറ റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് നേരത്തെ ഏറ്റെടുക്കുവാൻ സാധിക്കാതിരുന്നതും പായം,വിളമന വില്ലേജുകളിലായി വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ടിട്ടുള്ളതുമായ 0.0879 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് വിജിൽ,മട്ടന്നൂർ എന്ന ഏജൻസി സാമൂഹ്യാഘാത റിപ്പേർട്ട് തയ്യാറാക്കിട്ടുള്ളത്.

ഈ പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനു വേണ്ടി കണ്ണൂർ ജില്ലാ കലക്ടറുടെ 24.03.2017 ലെ ഡി.സി കെ.എൻ ആർ /6111/16 /സി2 നമ്പർ നടപടി ക്രമ പ്രകാരമാണ് ഈ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുള്ളത്. അതു പ്രകാരം 07.06.2017-ാം തീയ്യതി സമിതിയുടെ പ്രഥമ യോഗം ചേരുകയും തുടർന്ന് മേൽ പരാമർശിച്ച സ്ഥലങ്ങൾ നേരിൽ പരിശോധിക്കുകയും ചെയ്യു. അപ്രകാരം കണ്ടെത്തിയ കാര്യങ്ങൾ ഇന്ന് 12.06.2017 ന് സമിതിയോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്തുകയും താഴെ ചേർത്ത പ്രകാരമുള്ള ശുപാർശ സമർപ്പിക്കുകയും ചെയ്യു.

1. സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത് ഒരു പൊതു ആവശ്യത്തിന് അതായത് നിലവിലുള്ള തലശ്ശേരി-വളവുപാറ റോഡു വീതി കൂട്ടുന്നതിനാണ്. ആയതിനാൽ മറ്റൊരു ഭൂമി കണ്ടെത്തേണ്ടതില്ല.

2. റിപ്പേർട്ടിൽ ഉൾപ്പെട്ടിട്ടുള്ള 0.0879 ഹെക്ടർ സ്ഥലത്തിൽ നേരത്തെ ഏറ്റെടുത്ത സ്ഥലം ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പ വരുത്തിയ ശേഷം സ്ഥലം ഏറ്റെടുക്കേണ്ടത് അത്യാവശ്യമാണ്.

3. ഇപ്രകാരം സ്ഥലം ഏറ്റെടുക്കുന്നതുമൂലം ആരും തന്നെ കുടിയൊഴിക്കപ്പെടുന്നില്ല . ആയതിനാൽ പുനരധിവാസ പ്രശ്നങ്ങളില്ല.

4. വള്ളിത്തോട് ജുമാ മസ്ജിദ് പള്ളിയിലേക്ക് പ്രവേശിക്കുവാൻ ഇപ്പോഴത്തെ സ്ഥലമേറ്റെടുക്കൽ നടപടി മൂലം ബുദ്ധിമുട്ടുണ്ടാകുമെന്ന് സ്ഥല സന്ദർശന വേളയിൽ പള്ളിയിൽ വന്ന ജനങ്ങൾ പറഞ്ഞിട്ടുണ്ട്. ഈ കാര്യം പഠന റിപ്പേർട്ടിലുമുണ്ട്. ഭിന്ന ശേഷിക്കാരും മുതിർന്ന പൌരൻമാരുമടങ്ങുന്ന ജനങ്ങൾക്ക് പള്ളിയിലേക്ക് പ്രവേശിക്കുന്നത് ബുദ്ധിമുട്ടുണ്ടാകുമെന്ന പരാതി ന്യായകരമാണെന്ന് കാണുന്നു. ഈ പരാതി പരിഹരിക്കുന്നതിനു വേണ്ടി പള്ളിയിലേക്ക് പ്രവശിക്കുന്ന സ്ഥലത്ത് റാമ്പ് രൂപത്തിലുള്ള ഡ്രെയിനേജ് കവറിങ്ങ് നടത്തണമെന്ന് ശുപാർശ ചെയ്യുന്നു.

മേൽ പറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായി പഠന റിപ്പോർട്ടിൽ പരാമർശിച്ച രൂപത്തിലുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾക്ക് സ്ഥലമേറ്റെടുക്കുവാൻ ശുപാർശ ചെയ്യുന്നു

ശ്രീമതി എൻ.കെ.ഇന്ദുമതി
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ-
ഇരിട്ടി നഗരസഭ

പി.പി ഉസ്മാൻ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ
ഇരിട്ടി നഗരസഭ

ടോം മാത്യു
മെമ്പർ പായം ഗ്രാമപഞ്ചായത്ത്

ഗോപി.എം
സാമൂഹ്യ ശാത്രജ്ഞൻ

ജിജി.കെ
സാമൂഹ്യ ശാത്രജ്ഞ

പി.രാജൻ
റിട്ട. ഡപ്യൂട്ടി കലക്ടർ

സി.എം മുരളീധരൻ
റിട്ട. ഡപ്യൂട്ടി കലക്ടർ